കേരള സർക്കാർ

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.8)157/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :31.01.2017

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.8)157/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :31.01.2017

## എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൻെറ -2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കു കയുണ്ടായി.പഞ്ചായത്ത് 01/04/2015മുതൽ 23/01/17 തിയ്യതി വരെ വിവിധ ഇനങ്ങളി ലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലി ക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരി പ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23/01/2017മുതൽ 28/01/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജലജ .എം.കെ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാർ പി.ജോൺ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈബി.ഇ.ഡി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.മായ കൃഷ്ണൻ.<br>ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു ഗോപി | 01.04.15മുതൽ 31.10.15വരെ |
| | ശ്രീ.ജോസ് പെരുമ്പിള്ളിക്കുന്നേൽ | 01.11.15മുതൽ 31.03.16വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.പി.ജഗദീഷ് | 01.04.15മുതൽ 01.01.16 വരെ |
| | ശ്രീമതി.എസ്.ശ്രീകല (അസി.സെക്രട്ടറി-സെക്രട്ടറി ഇൻചാർജ്ജ്) | 02.01.16മുതൽ 17.01.16 വരെ |
| | ശ്രീ.പി.എം.മുഹമ്മദ് | 18.01.16മുതൽ 31.03.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.അമർലാൽ കെ | 01.04.15മുതൽ 31.05.15 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ജയലക്ഷമി | 01.06.15മുതൽ 14.10.15 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.പ്രിയ ബൽരാജ് | 15.10.15മുതൽ 30.11.15 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ജയലക്ഷമി | 01.12.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.മായ മാത്യൂ | 01.4.15മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സന്ധ്യ.ജി.നായർ | 01.4.15മുതൽ 31.03.16 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.എം.എൻ.ഭാസി | 01.4.15മുതൽ 31.01.16 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പി.കെ.ബാലകൃഷ്ണൻ | 01.02.16മുതൽ 31.03.16 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.എസ്.ശ്രീകല | 01.4.15മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.കെ.പി.സെലീനാമ്മ | 01.4.15മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.രാധ.കെ.കെ | 01.4.15മുതൽ 31.3.16 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.പി.കെ.സുജാത | 01.4.15മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീ.ബിജു.പി.ബി | 01.4.15മുതൽ 31.3.16 വരെ |
| ഡയറി ഡെവലപ്പ്മെൻറ് ഓഫീസർ | ശ്രീ.സുജിത്ത് രാഘവൻ | 01.4.15മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | ഭാഗം 2 | |
| 13 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 2-1 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ നഷ്ടം- 57,755/- രൂപ | 2-2 |
| | ഭാഗം 3 | |
| 15 | പട്ടികജാതിവിദ്യാർത്ഥികൾക്ക് മേശ, കസേര | 3-1 |
| 16 | പത്താം ക്ളാസ്- പട്ടികജാതിവിദ്യാർത്ഥികൾക്ക് സൈക്കിൾ | 3-2 |
| 17 | പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ-അപാകത | 3-3 |
| 18 | മീഡിയശ്രീ പദ്ധതി-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | റോഡ് പ്രവൃത്തി -ടാർ വാങ്ങിയത് | 3-5 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 |
| 21 | ആദായ നികുതി- സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല-നഷ്ടം 1840/-രൂപ | 3-7 |
| 22 | തെറ്റായ താരിഫ് നിർണ്ണയം-അധിക നിരക്ക് | 3-8 |
| 23 | അധികം ടാർവാങ്ങിയത് | 3-9 |
| 24 | മരുന്ന് ലഭ്യമായില്ല | 3-10 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് -2015-16 | അനുബന്ധം-1 |
| 35 | ബാലൻസ് ഷീറ്റ് -2015-16 | |
| 36 | രസീപ്റ്റ്&പേയ്മെൻറ് അക്കൗണ്ട് -2015-16 | |
| 37 | ഇൻകം&എക്സ്പെൻറീച്ചർ അക്കൗണ്ട് -2015-16 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 19/03/2015 തിയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു.

| 2015-16 | |
|---|---|
| ബജറ്റ് പ്രകാര മുള്ള വരവ് | 86065000 |
| യഥാർത്ഥ വരവ് | 40744836 (മുന്നിരിപ്പ് ഉൾപ്പെടെ) |
| വ്യത്യാസം | 45320164 |
| ശതമാനം | 52.65% |
| ബജറ്റ് പ്രകാര മുള്ള ചെലവ് | 82516035 |
| യഥാർത്ഥ ചെലവ് | 33647830 |
| വ്യത്യാസം | 48868205 |
| ശതമാനം% | 59.22% |

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2016 | 04/06/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകതകളൊന്നും ഇല്ല.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 13671714 |
| വരവ് | 27073122 |

| | |
|---|---|
| ആകെ | 40744836 |
| ചെലവ് | 33647830 |
| നീക്കിയിരിപ്പ് | 7097006 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/TC | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 582560 | 1648302 | 2230862 | 2230862 | 00 | 100% |
| വികസനഫണ്ട് എസ്.സി.പി. | 199088 | 1182900 | 1381988 | 1381988 | 00 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 00 | 66161 | 66161 | 66161 | 00 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 137957 | 4682037 | 4819994 | 4819994 | 00 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 127516 | 1523790 | 1651306 | 1651306 | 00 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 472507 | 3530881 | 4003388 | 4003388 | 00 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2581498 | 1691679 | 4273177 | 4273177 | 00 | 100% |
| എം.ജി. എൻ.ആർ.ഇ.ജി.എസ് | 3384 | 279155 | 282539 | 282192 | 347 | 99.87% |
| ബി ഫണ്ട് | 00 | 165360 | 165360 | 165360 | 00 | 100% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 107 | 18476569 | 92 | 14624182 | 0 | 15 | 85.98% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 10.88%(-) കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4808138 | 4457520 | 350618 | 7.29% (-) |
| നികുതിയേതര വരവുകൾ | 2169949 | 1865638 | 304311 | 14.02% (-) |
| മറ്റുവരവുകൾ | 226297 | 96962 | 129335 | 57.15% (+) |
| ആകെ | 7204384 | 6420120 | 784264 | 10.88% (-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45360 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 1729650 | 175 |
| വിധവാപെൻഷൻ | 3956640 | 468 |
| വാർദ്ധക്യകാലപെൻഷൻ | 3772080 | 604 |
| വികലാംഗപെൻഷൻ | 1055460 | 132 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 194400 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2017- ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49749/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്.

2.ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററിൽ ക്രമപ്പെടുത്തുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ, പരിശോധനയ്ക്ക് വിധേയമാക്കുകയോ ചെയ്തിട്ടില്ല.

3.ഡി&ഒ- ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടോ, സാക്ഷ്യപ്പെടുത്തലുകളോ ഇല്ല. കൂടാതെ സ്ഥാപനങ്ങളുടെ വരുമാനം സംബന്ധിച്ച് വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-10-2016മുതൽ 19-10-16 വരെ | 09/2016 | 16/12/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2007 മുതൽ 25.06.2007 വരെ | 1997-98മുതൽ 2006-07വരെ | 30-07-2007 |

## 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി രണ്ട് പ്രകാരം സ്ഥാപന തൊഴിൽ നികുതിയുടെ കുറവ് ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് രസീത് നം.11601103627, 23, 24, 22, 25, 26, 15, 42, 29, 30, 55, 58, 87/27.1.2017 പ്രകാരം 18750/-രൂപ പഞ്ചായത്തിൽ അടവാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ-

| ക്രമ നമ്പർ | പേര്,വിലാസം, സ്ഥാപനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ അഴകത്ത്മണ്ണിൽ ഓയിൽ&ഫ്രൈഡ് ഫുഡ് വിൽപ്പന | 1250 | 2500 | 1250 |
| 2 | സെബിൻ കുര്യൻ കുന്നത്തുശ്ശേരിൽ പൈപ്പ്&ഷീറ്റ് ബൈൻഡിങ്ങ് വർക്ക്ഷോപ്പ് | 1250 | 2500 | 1250 |
| 3 | സെലീന ജെയിംസ് കുന്നംപുറത്ത് ബേക്കറി | 1250 | 2500 | 1250 |
| 4 | സുരേഷ് കെ.കെ. കല്ലറുമ്പിൽ കാർ റിപ്പയറിങ്ങ് സെൻറർ | 1250 | 2500 | 1250 |
| 5 | ദിലീഷ് ജോസ് വാണിയപ്പുരയ്ക്കൽ ജ്വല്ലറി | 1250 | 2500 | 1250 |

| | | | | |
|---|---|---|---|---|
| 6 | മുജീബ് എം.ജെ.<br>യൂണിറ്റി ഗ്രാനൈറ്റ്സ് | 1250 | 2500 | 1250 |
| 7 | മാത്യൂ വർഗ്ഗീസ്<br>വണ്ടനാക്കര<br>ഹാർഡ് വെയർ ഷോപ്പ് | 1250 | 2500 | 1250 |
| 8 | മാത്യൂ വർഗ്ഗീസ്<br>വണ്ടനാക്കര<br>പെയിൻറ്&റിലേറ്റഡ്<br>ഐറ്റംസ് | 1250 | 2500 | 1250 |
| 9 | മാത്യൂ വർഗ്ഗീസ്<br>വണ്ടനാക്കര<br>വളം കീടനാശിനി വില്പന | 1250 | 2500 | 1250 |
| 10 | ജെറാൾഡ് പി. സാബു<br>പ്രിൻറിങ്ങ് പ്രസ്സ് | 1250 | 2500 | 1250 |
| 11 | ഷെറിൻ പി.എം.<br>പുളിയ്ക്കൽ<br>പെയിൻറ് കട | 1250 | 2500 | 1250 |
| 12 | ജോബിൻ അലക്സ്<br>പുത്തൻപുരയ്ക്കൽ<br>യമഹ ഷോറൂം | 1250 | 2500 | 1250 |
| 13 | ശോഭ ജോൺ<br>വേങ്ങൂരാൻ<br>ടെക്സ്റ്റയിൽസ് | 1250 | 2500 | 1250 |
| 14 | അനിൽ ജോസ്<br>പഴപ്ലാക്കൽ<br>ഗേറ്റ്&ഗ്രിൽ നിർമ്മാണം | 1250 | 2500 | 1250 |
| 15 | പ്രേമലത എം.<br>പുത്തൻപുരയിൽ<br>കറിപൗഡർ നിർമാണം | 1250 | 2500 | 1250 |
| 16 | ജെയിംസ് മാത്യൂ<br>മക്കോളിൽ<br>ഹോട്ടൽ | 1250 | 2500 | 1250 |
| 17 | മധു മോഹൻ<br>ശ്രീശൈലം<br>ആയവന<br>അലൈൻമെൻറ്&ടയർ<br>ഷോപ്പ് | 1250 | 2500 | 1250 |
| 18 | ബിനു എം.എസ്.<br>മലയിൽ<br>റബർ ബാൻഡ്&ഗ്ലൗസ്<br>നിർമാണം | 1250 | 2500 | 1250 |
| 19 | രവി<br>മാന്തളിരുംപാറ | 1250 | 2500 | 1250 |

| | | | | |
|---|---|---|---|---|
| | ഹോളോബ്രിക്സ് യൂണിറ്റ് | | | |
| 20 | ഡോ.ബൈജു ജോസഫ്<br>നമ്പ്യാപറമ്പിൽ<br>ഡെൻറൽ ക്ലിനിക്ക് | 1250 | 2500 | 1250 |
| 21 | വിഷ്ണു<br>കുറ്റിയാനിക്കൽ<br>സൈൻ ബോർഡ്<br>നിർമ്മാണം | 1250 | 2500 | 1250 |
| 22 | മുഹമ്മദ് ഷെറീഫ്<br>വേട്ടുപ്പറമ്പിൽ<br>ഗ്ലാസ്സ് സ്റ്റോക്ക് ചെയ്യൽ | 1250 | 2500 | 1250 |
| 23 | റിറ്റോ മാത്യൂ<br>താന്നിക്കാമറ്റത്തിൽ<br>മെഡിക്കൽ ഷോപ്പ് | 1250 | 2500 | 1250 |
| 24 | ശ്രീജിത്ത് ശ്രീധർ<br>കുന്നംപുറത്ത്<br>മോഡുലാർ കിച്ചൻ | 1250 | 2500 | 1250 |
| 25 | ദീപു ഇ.എസ്.<br>ഇഞ്ചിക്കണ്ടത്തിൽ<br>മേമടങ്ങ് | 1250 | 2500 | 1250 |
| 26 | വിനോഷ് തോമസ്<br>കണ്ടങ്കരി<br>പഴം പച്ചക്കറി മൊത്ത<br>വില്പന | 900 | 2500 | 1600 |
| 27 | അനസ് പി.അസീസ്<br>പടിഞ്ഞാറയിൽ<br>റെഡിമെയ്ഡ് ഷോപ്പ് | 1250 | 2500 | 1250 |
| 28 | റെജി ജോൺ<br>ഫോർ സീസൺസ്<br>ഫാബ്രിക്സ് | 1250 | 2500 | 1250 |
| 29 | വിൻസി സെബാസ്റ്റ്യൻ<br>അഴകത്തുമണ്ണിൽ<br>ചിപ്സ്,മിക്സ്ചർ വിൽപന | 1250 | 2500 | 1250 |
| 30 | വിനോദ് കെ.ആർ.<br>കുരീക്കാട്ട്<br>പൈപ്പ് ഫിറ്റിങ്ങ്സ് | 1250 | 2500 | 1250 |
| 31 | കെ.കെ.തമ്പി<br>കട്ടയ്ക്കകത്ത്<br>ഹോട്ടൽ | 1250 | 2500 | 1250 |
| 32 | ജോജൻ വർഗ്ഗീസ്<br>കളപ്പുരയിൽ<br>റബർക്കട | 900 | 2500 | 1600 |

| | | | | |
|---|---|---|---|---|
| 33 | ബേബി തോമസ്<br>നമ്പ്യാപറമ്പിൽ<br>ടെക്സ്റ്റയിൽസ് | 600 | 2500 | 1900 |
| 34 | ജോസഫ്<br>തുലാമറ്റത്തിൽ<br>ഇലക്ട്രിക് ഷോപ്പ് | 600 | 2500 | 1900 |
| 35 | ടെസ്സിമോൾ ജോണി<br>ശൗര്യമാക്കൽ<br>കർട്ടൻ വർക്ക്സ് | 1250 | 2500 | 1250 |
| 36 | ജിജി ജേക്കബ്<br>ചൊള്ളംവയൽ<br>പൈനാപ്പിൾ കച്ചവടം | 600 | 2500 | 1900 |
| 37 | സജി,<br>മുതിരക്കാലായിൽ,<br>ഇലക്ട്രിക്കൽഷോപ്പ് | 1250 | 2500 | 1250 |
| | ആകെ | - | - | 48900 |

മേൽ തുകകൾ ഈടാക്കാത്തതിന് വിശദീകരണവും മറുപടിയും ലഭ്യമാക്കേണ്ടതും നഷ്ടമായ 48900/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ ഉത്തരവാദപ്പെട്ട സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ നഷ്ടം- 57,755/- രൂപ

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന താഴെ കൊടുത്തിരിയ്ക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കിയിട്ടില്ല.വിശദവിവരം ചുവടെ-

| ക്രമ നമ്പർ | ടവറിൻെറ പേര്, അഡ്രസ്സ് | 2015-16വർഷത്തെ വസ്തു നികുതി ഡിമാൻറ് (അസെസ്മെൻറ് രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | എസ്സാർ ടെലക്സ് ഇൻഫ്രാസ്ട്രക്ചർ | 7088/- |
| 2 | ജോസഫ് തകരപ്പിള്ളിൽ,വാഴക്കുളം | 10500/- |
| 3 | ജോസഫ് തകരപ്പിള്ളിൽ,വാഴക്കുളം | 7350/- |
| 4 | ഇൻഡസ് ടവർ ലിമിറ്റഡ്, വാൻകർത്ത് ടവർ,കൊച്ചി | 28092/- |
| 5 | റിലയൻസ് ടെലികോം ഇൻഫ്രസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 4725/- |
| ആകെ | | 57,755/- |

നഷ്ടമായ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ,നിർവ്വഹണ ഉദ്ധ്യോഗസ്ഥനിൽ നിന്നും

ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര |
| പ്രോജക്ട് നം | S0079/16 |
| അടങ്കൽ | 64,000/- |
| ചെലവ് | 63435/-വികസനഫണ്ട്<br>371/- തനതുഫണ്ട്<br>ആകെ -63806/- |
| ബിൽനം. | 11/15-16,dt 24.2.2016 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിപ്രകാരം 22 വിദ്യാർത്ഥികൾക്കാണ് മേശയും കസേരയും നൽകിയിട്ടുള്ളത്.ഈ കുട്ടികൾ ഇതിനു മുൻപ് വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഈ ആനുകൂല്യം കൈപ്പറ്റിയവർ ആണോ എന്നു വ്യക്തമാക്കാതെയും ഇവരുടെ കുടുംബവാർഷിക വരുമാനം എത്ര തുടങ്ങിയ കാര്യങ്ങൾ ആധികാരികമായി പരിശോധിക്കാതെയുമായാണ് തുക നൽകിയിരിക്കുന്നത്. ഇവർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ് . ക്രമപ്രകാരമല്ലാതെ ചെലവഴിച്ച മേൽ തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-2 പത്താം ക്ലാസ്- പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

| | |
|---|---|
| പ്രോജക്ട് | പത്താം ക്ലാസ് പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| പ്രോജക്ട് നം. | S0078/16 |
| അടങ്കൽ | 70,000/- |
| ചെലവ് | 46840/-<br>19430/-<br>ആകെ-66430/- |
| ബിൽ നം | 7,12/15-16, 24.2.16,17.3.16 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിപ്രകാരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി 17 പേർക്ക് സൈക്കിൾ നല്കിയിട്ടുണ്ട്.സ്കൂളുകളിൽനിന്ന് ഹെഡ് മാസ്റ്റർ നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സൈക്കിൾ നൽകിയിരിക്കുന്നത്. ഈ കുട്ടികൾ ഇതിനു മുൻപ് ഏതെങ്കിലും സ്രോതസ്സിൽ നിന്ന് ഈ ആനുകൂല്യം കൈപ്പറ്റിയവർ ആണോ എന്നു വ്യക്തമാക്കാതെയും ഇവരുടെ

കുടുംബവാർഷിക വരുമാനം എത്രയെന്ന് ആധികാരികമായി പരിശോധിക്കാതെയുമായാണ് തുക നൽകിയിരിക്കുന്നത്. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.ക്രമപ്രകാരമല്ലാതെ ചെലവഴിച്ച മേൽ തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-3 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ-അപാകത

| | |
|---|---|
| പ്രോജക്ട് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ |
| പ്രോജക്ട് നം. | S0138/16 |
| അടങ്കൽ | 9500/-വികസനഫണ്ട്<br>2100/-തനതുഫണ്ട് |
| ചെലവ് | 9500/- |
| ബിൽ നം. | 15/15-16, 26.3.16 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ലഭിച്ചതിൽ കുറവ് ക്വോട്ടുചെയ്ത ഓറിയന്റൽ ഫർണിച്ചർ മാർട്ട്, തൊടുപുഴയിൽ നിന്ന് സാധനങ്ങൾ വാങ്ങുകയും വില നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. ഈ കുട്ടികളുടെ റേഷൻകാർഡിന്റെ പകർപ്പോ, കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റോ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റോ ഫയലിലില്ല. പട്ടകജാതി /പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് ഈ ആനുകൂല്യം ഇതിനു മുൻപ് ലഭിച്ചിട്ടില്ല എന്ന രേഖയും ഫയലിൽ ലഭ്യമല്ല. ഈ ആനുകൂല്യം കൈപ്പറ്റിയ ലിതിൻ തോമസ് എന്ന കുട്ടി കരിങ്കുന്നം പഞ്ചായത്തിലെ താമസക്കാരനാണെന്ന് 14.03.2016-ൽ കുട്ടി പഠിക്കുന്ന എൻ.എസ്. എസ്. എച്ച്.എസ്.എസ്. മണക്കാട്, തൊടുപുഴയിലെ ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ രേഖകൾ പരിശേധിച്ചുറപ്പുവരുത്താതെ ആനുകൂല്യം നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ആയതിനാൽ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച മേൽ തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-4 മീഡിയശ്രീ പദ്ധതി-ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മീഡിയശ്രീ |
| പ്രോജക്ട് നമ്പർ | S0076/16 |
| അടങ്കൽ | 65000/- |
| ചെലവ് | 65,000/- |

കുടുംബശ്രീ സംസ്ഥാന മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്ത മാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്ക് 2014-15 വർഷം ധനവിനിയോഗം നടത്താൻ കഴിയാതെ വന്ന ഗ്രാമപഞ്ചായത്തുകൾ 2015-16 വർഷകാലയളവിൽ ധന വിനിയോഗം നടത്താം എന്ന് സ.ഉ(സാധാ)നമ്പർ 813/2015/തസ്വഭവ തീയതി 20.03.2015 ൽ അനുമതി

നൽകി ഉത്തരവിറക്കിയതി നാൽ പഞ്ചായത്തിൽ നിന്ന് 65,000/- രൂപ 190947/25.02.2016 നമ്പർ ഡി.ഡി. പ്രകാരം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, എറണാകുളം എന്ന പേരിൽ നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഡോക്യുമെന്ററി തയ്യാറാക്കി ലഭ്യമായിട്ടില്ല. പ്രസ്തുത പ്രോജക്ടിനായി ഉപയോഗിക്കാവുന്നത് തനതു ഫണ്ട്/ വികസനഫണ്ട് ആണ്. ഇവിടെ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് ഉപയോഗിച്ചിരിക്കുന്നത്. പദ്ധതിക്കായി തുക ചെലവഴിച്ചിട്ടും ഡോക്യുമെന്ററി തയ്യാറാക്കി ലഭ്യമാക്കാത്തതിനാൽ 65,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 റോഡ് പ്രവൃത്തി -ടാർ വാങ്ങിയത്

ജി.ഒ. (ആർ.ടി) 115/11 ത. സ്വ. ഭ. വ. 12.01.2011 പ്രകാരമുള്ള ഉത്തരവിലെ നിബന്ധന കളിൽ ക്രമ നം. 4-ൽ വ്യക്തമാക്കുന്നത് പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും ടാർ വാങ്ങുന്ന അവസരത്തിൽ ഒറിജിനൽ ബില്ല് പ്രോജക്ട് രേഖയോടൊപ്പം സൂക്ഷിക്കേണ്ട താണെന്ന് വ്യക്തമാക്കുന്നു. എന്നാൽ താഴെ ചേർക്കുന്ന കരാറുകാർ/കൺവീനർ ടാറിങ്/ റീ-ടാറിങ് പ്രവൃത്തികൾക്ക് വേണ്ടി ടാറ് വാങ്ങിയതിന്റെ യാതൊരു രേഖകളും ഫയലിനൊപ്പം ചേർത്തിട്ടില്ല. ആയതിനാൽ തന്നെ ടി- പ്രവൃത്തികൾക്ക് ഉപയോഗിച്ചിരിക്കുന്ന ടാറിന്റെ അളവ്, ഉപയോഗിച്ചെന്ന് പറയുന്ന ടാറിന്റെ വില എന്നിവ പരിശോധനക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല. വിശദവിവരം ചുവടെ-

1.

| | |
|---|---|
| പ്രോജക്ട് | വലിയങ്ങാടി-മാട്ടുപാറ റോഡ് |
| പ്രോജക്ട് നം | 39/15-16 |
| അടങ്കൽ | 195000/- |
| ചെലവ് | 194919/- |
| ബിൽ നം,തീ. | 41,42/15-16,21.3.2016 |
| അളവ് പുസ്തകം | 42/15-16 |
| കരാറുകാരൻ | ജെയിംസ് ജോസഫ് |

2.

| | |
|---|---|
| പ്രോജക്ട് | മഠം ബാലഭവൻ -റോഡ് |
| പ്രോജക്ട് നം | 25/15-16 |
| അടങ്കൽ | 265085/- |
| ചെലവ് | 264124/- |
| ബിൽ നം,തീ. | 22/15-16, 27.2.2016 |
| അളവ് പുസ്തകം | 26/15-16 |
| കരാറുകാരൻ | ദിലീപ് കുമാർ.എം.വി |

3.

| | |
|---|---|
| പ്രോജക്ട് | പാക്കട്ടി മെതിപ്പാറ റോഡ് |

| | |
|---|---|
| പ്രോജക്ട് നം | 26/15-16 |
| അടങ്കൽ | 120000/- |
| ചെലവ് | 119732/- |
| ബിൽ നം,തീ. | 23/15-16,27.2.2016 |
| അളവ് പുസ്തകം | 25/15-16 |
| കരാറുകാരൻ | ദിലീപ് കുമാർ.എം.വി |

4.

| | |
|---|---|
| പ്രോജക്ട് | മടക്കത്താനം ഇടയ്ക്കാട്ട് കയറ്റം റോഡ് |
| പ്രോജക്ട് നം | 54/15-16 |
| അടങ്കൽ | 539074/- |
| ചെലവ് | 447185/- |
| ബിൽ നം,തീ. | 27,28/15-16,27.2.2016 |
| അളവ് പുസ്തകം | 32/15-16 |
| കരാറുകാരൻ | സജീവ് സ്റ്റീഫൻ |

മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ഹാജരാക്കേണ്ടതാണ്. അപാകത നിലനിൽക്കുന്നതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച (194919+264124+ 119732+447185)=1025960/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

ചുവടെ ചേർത്തത് പ്രകാരം വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ഇനത്തിൽ 232500 രൂപ തൻവർഷം കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നം. | തുക | ചെക്ക്.നം./ഡി.ഡി.നം. | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | കുടിവെള്ളപൈപ്പ് ലൈൻനീട്ടൽ/ S0091/16 | 134500 | 193221/01.03.16 | സെക്രട്ടറി |
| 2 | മണിന്തടം തൊട്ടിമല പൈപ്പ് ലൈൻനീട്ടൽ S0137/16 | 98000 | 194004/19.03.16 | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 232500 | - | - |

എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-7 ആദായ നികുതി- സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല- നഷ്ടം 1840/-രൂപ

| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
|---|---|
| പ്രോജക്ട് നം | S0014/2016 |
| അടങ്കൽ | 572313/- |
| ചെലവ് | 572313/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,പി എച്ച് സി |

മഞ്ഞള്ളർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ പെയിൻ ആൻറ് പാലിയേറ്റീവ് കെയർ യൂണിറ്റ് മെഡിക്കൽ ടീമിന്റെ ഉപയോഗത്തിനായുള്ള വാഹനം ദിവസ വാടകക്ക് എടുത്തത് ശ്രീ.ടോമി പോൾ എന്നയാളുടെ KL 7 AU 5999 നമ്പർ വാഹനമാണ്. വാഹനം ഓടിക്കുന്ന ദിവസങ്ങളിൽ പ്രതി ദിനം 1200/- രൂപ നിരക്കിലാണ് വാഹന വാടക നൽകിയിരിക്കുന്നത്. 2015-16 വർഷത്തിൽ ടിയാൾക്ക് വാഹന വാടക ഇനത്തിൽ 1,84,000/- രൂപ നൽകിയിട്ടിട്ടുണ്ട് . ആദായ നികുതി ആക്ട് സെക്ഷൻ 194 സി അനുസരിച്ച് പ്രതി വർഷം 75000/- രൂപയിൽ അധികം വരുന്ന ബില്ലുകളിൽ നിന്നും 1% IT സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം. | തീയതി | വാഹനവാടകയിനത്തിൽ നൽകിയ തുക | ഡിഡി നം./തീയതി |
|---|---|---|---|
| 01/15-16 | 21.07.2015 | 45,600 | 216697/27.07.2015 |
| 2/15-16 | 17.09.2015 | 15,600 | 776320/17.09.2015 |
| 4/15-16 | 11.11..2015 | 31,200 | 714556/12.11.2015 |
| 5/15-16 | 20.12.2015 | 30,000 | 715764/28.12.2015 |
| 6/15-16 | 11.12.2015 | 15,400 | 190373/11.02.2016 |
| 8/15-16 | 11.03.2016 | 15,400 | 193524/14.03.2016 |
| 10/15-16 | 28.03.2016 | 30,800 | 631285/23.03.2016 |
| ആകെ | | 1,84,000 | - |

വാഹന വാടക ഇനത്തിൽ നൽകിയ 184000/- രൂപയുടെ 1% ആയ 1840/-രൂപ ആദായ നികുതി ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-8 തെറ്റായ താരിഫ് നിർണ്ണയം-അധിക നിരക്ക്-

ഗ്രാമപഞ്ചായത്തിലെ ലൈബ്രറി കെട്ടിടം (കൺസ്യൂമർ നം.3043),കുടുംബശ്രീ

ഓഫീസ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, സിഡിപി ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം (കൺസ്യൂമർ നം.12538),കൃഷി ഭവൻ കെട്ടിടം(കൺസ്യൂമർ നം. 12537)എന്നിവയുടെ വൈദ്യുതി താരിഫ് നിലവിലെ ബിൽ അനുസരിച്ച് LT 7A ആണ്.എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ OP No. 9/14 തീയതി 14.08.2014 ലെ താരിഫ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപ നങ്ങൾ എന്നിവയ്ക്ക് LT 6 B താരിഫാണ് ബാധകം. LT 7 എന്നത് കൊമേഴ്സ്യൽ താരിഫാണ്. LT 6 (B) , LT 7A എന്നിവയുടെ താരിഫ് താഴെ ചേർക്കുന്നു

| താരിഫ് | LT-VI B | LT-7A |
|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | 70 | 60 |
| എനർജി ചാർജ്ജ് 3 ഫേസ് | - | 120 |
| Rs/KW/Month | - | - |
| 100 യൂണിറ്റ് വരെ | - | 6.00 |
| 200യൂണിറ്റ് വരെ | - | 6.70 |
| 300യൂണിറ്റ് വരെ | - | 7.40 |
| 500യൂണിറ്റ് വരെ | 6.30 | 8.00 |
| 500യൂണിറ്റിന് മുകളിൽ | 7.00 | 9.30 |

കൺസ്യൂമർ നമ്പർ 3043ന് 500/-KW കണക്കുഡ് ലോഡും, ഫിക്സഡ് ചാർജ്ജിനത്തിൽ 60 രൂപയുമാണ് ബില്ലുകളിൽ കാണാൻ കഴിഞ്ഞത്. കൺസ്യൂമർ നമ്പർ 12537 ന് 2740 KW കണക്കുഡ് ലോഡ് വരുന്നുണ്ട്. ഫിക്സഡ് ചാർജ്ജ് 360 രൂപയാണ്. കൺസ്യൂമർ നമ്പർ 12538ന് 3480-KW കണക്കുഡ് ലോഡും, ഫിക്സഡ് ചാർജ്ജിനത്തിൽ 480രൂപയും ആണ് വരുന്നത്. കൺസ്യൂമർ നമ്പർ 3043 ന് ശരാശരി 30 യൂണിറ്റും, കൺസ്യൂമർ നമ്പർ 12537 ന് ശരാശരി 76 യൂണിറ്റും കൺസ്യൂമർ നമ്പർ 12538 ന് 110 യൂണിറ്റുമാണ് ഒരു ബിൽ കാലയളവിലെ ഉപഭോഗം. അർഹതയുള്ള LT 6B താരിഫ് അനുസരിച്ച് 500 യൂണിറ്റ് വരെ 6.30 രൂപയും 500 യൂണിറ്റിന് മുകളിൽ 7 രൂപയുമാണ്. എന്നാൽ 7 A ക്ക് 200യൂണിറ്റിനു . മുകളിൽ 6.70 രൂപയാണ് എന്ന് കാണാവുന്നതാണ്. നിലവിൽ ഉപഭോഗം കുറവായതിനാൽ വൈദ്യുതി ചാർജ്ജിനത്തിൽ വലിയ തുക അടവാക്കേണ്ടി വരുന്നില്ലെങ്കിലും ഭാവിയിൽ ഉപഭോഗം വർദ്ധിച്ചാൽ ഇത് പാഴ്ച്ചെലവിന് കാരണമാകും. തെറ്റായ താരിഫ് നിർണ്ണയം കെ .എസ്. ഇ .ബി. യെ അറിയിച്ച് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-9** <u>അധികം ടാർവാങ്ങിയത്</u>

ജി.ഒ.(ആർ.ടി) 115/11 ത. സ്വ. ഭ. വ. 12.01.2011 പ്രകാരമുള്ള ഉത്തരവിലെ നിബന്ധനകളിൽ ക്രമ നം. 4 പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും ടാർ വാങ്ങുന്ന അവസരത്തിൽ ഒറിജിനൽ ബില്ല് പ്രോജക്ട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്ത് 2015-16 കാലയളവിൽ ടാറിങ്/റീ-ടാറിങ് പ്രവർത്തികൾക്ക് വേണ്ടി ടാറ് വാങ്ങിയതിൻെറ രേഖകൾ ഫയലിനൊപ്പം ചേർത്തിട്ടില്ല മറിച്ച് കൺവീനർമാരായ ശ്രീ.ജോൺസൻ പോൾ, ശ്രീ.ജോസ്.എം.ജോസ് എന്നിവരുടെ പേരിൽ ടാർ നേരിട്ട്

വാങ്ങുകയും ടി-വ്യക്തികൾ മറ്റ് പ്രവർത്തികൾക്ക് ആവശ്യമായ ടാറ് കൈമാറിയതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ തന്നെ ഓരോ പ്രവൃത്തികൾക്കും ഉപയോഗിച്ചിരിക്കുന്ന ടാറിൻെറ അളവ്, ഉപയോഗിച്ചെന്ന് പറയുന്ന ടാറിൻെറ ആധികാരികത എന്നിവ പരിശോധനക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല. ഏതാനും കൺവീനർമാർ പ്രവർത്തികൾക്ക് നിയമാനുസൃതമായിട്ടുതന്നെ ടാർ നേരിട്ട് വാങ്ങി ബില്ല് ഫയലിനൊപ്പം ചേർത്തിട്ടുണ്ട്. ഇത്തരത്തിൽ ടാർ വാങ്ങാതെ മേൽ വ്യകതികൾ ആവശ്യത്തിനുപരിയായി വാങ്ങിയ ടാർ ഉപയോഗിച്ച് നടത്തിയ വിവിധ പ്രവൃത്തികൾക്കുവേണ്ടി ആകെ ഉപയോഗിച്ച ടാറും വാങ്ങിയ ടാറിൻെറ അളവും തമ്മിൽ വലിയ അന്തരം കാണുന്നു. വിശദവിവരം ചുവടെ-

| ഇനം | വാങ്ങിയ അളവ് | ചെലവഴിച്ച അളവ് | അധികമായി വാങ്ങിയത് | യൂണിറ്റ് വില | അധികമായി ചെലവിട്ട തുക |
|---|---|---|---|---|---|
| ബിറ്റുമിൻ | 23868kg (153x156) | 16809.57kg (108x156) | 7058.43kg (45x156) | 4588.81x 45 | 206496.45+ 10325 (vat-5%)+ 28910(Exd)= 245731.00 |
| എമൽഷൻ | 1638kg(9) | - | 1638kg | 5903.43x 9 | 53130.87+ 2655 (vat-5%)+ 6525(Exd)= 62310.00 |
| ആകെ | - | - | - | - | 308041.00 |

മേൽ പ്രകാരം അധികമായി ഇനങ്ങൾ വാങ്ങുകയും ആവശ്യമായവയിലധികം ടാറിന് തുക ചെലവഴിക്കുകയും ചെയ്തതിൻെറ കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും നല്കേണ്ടതും അധികമായി ചെലവഴിച്ച തുക സംബന്ധിച്ച് വിശദീകരണം ഹാജരാക്കേണ്ടതും ടി-തുകയുടെ ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി എച്ച് സി ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട് നം. | S013/2016 |
| അടങ്കൽ - | 100000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 100000/- |
| ബിൽ നം. | 03/2015-16/12.11.15/714568 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി 12.11.2015 ൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലേക്ക് 100000/-രൂപയുടെ (ഡിഡി നം.714568)എടുത്തു നൽകി. 15.12.2015 തീയതിയിലെ ഇൻവോയ്സ് നം.3139, 17.02.2016 തീയതിയിലെ ഇൻവോയ്സ് നം. 4430 എന്നിവ പ്രകാരം യഥാക്രമം 46833/-,4367/- എന്നിങ്ങനെ 51200/-രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 48,800/- രൂപ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ തുടർന്നുള്ള വാങ്ങലുകളിൽ തുക അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 60000/- | ശാരീരീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 49600/- | 10400/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/തീ. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KWA | മണിയന്തടം തൊട്ടിമല പൈപ്പ് എക്സ്റ്റൻഷൻ | 194004/19.3.2016 | 98000/- | - | - |
| KWA | വടകോട് മാക്കച്ചിറപ്പടി -കുന്നേൽ താഴം പൈപ്പ് എക്സ്റ്റൻഷൻ | 193221/1.3.16 | 134500/- | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷി ക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധികചെലവ് രൂപ-66130/- | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ നടക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40744836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33647830 |
| വരവിനങ്ങളിലുള്ള നഷ്ടം | 106655 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1463196 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 48900 | - | ശ്രീ.പി.എം.മുഹമ്മദ്,സെക്രട്ടറി |
| 2-2 | 57755 | - | ശ്രീ.പി.എം.മുഹമ്മദ്,സെക്രട്ടറി |
| ആകെ | 106655 | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 63806 | ശ്രീമതി.എസ്.ശ്രീകല,അസി.സെക്രട്ടറി |
| 3-2 | 66430 | ശ്രീമതി.എസ്.ശ്രീകല,അസി.സെക്രട്ടറി |
| 3-3 | 9500 | ശ്രീമതി.എസ്.ശ്രീകല,അസി.സെക്രട്ടറി |
| 3-4 | 65,000 | |
| 3-5 | 1025960 | ശ്രീ.പി.കെ.ബാലക്രഷ്ണൻ,അസി.എഞ്ചിനീയർ |
| 3-6 | 232500 | 1.134500/-ശ്രീ.പി.എം.മുഹമ്മദ്,സെക്രട്ടറി,<br>2.98000/-ശ്രീമതി.എസ്.ശ്രീകല,അസി.സെക്രട്ടറി |
| ആകെ | 1463196 | - |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1840 | ഡോ.ജയലക്ഷമി,മെഡിക്കൽ ഓഫീസർ, പി. എച്ച് .സി |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം.മുഹമ്മദ്, സെക്രട്ടറി | സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | പത്തിരിമറ്റത്തിൽ, കിഴക്കേക്കര, മൂവാറ്റുപുഴ |
| ഡോ.ജയലക്ഷമി, മെഡിക്കൽഓഫീസർ, പി. എച്ച് .സി | മെഡിക്കൽ ഓഫീസർ, പി. എച്ച് .സി, മഞ്ഞള്ളൂർ | കൊച്ചുവാണിയപ്പുരയ്ക്കൽ, കടയത്തൂർ, തൊടുപുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ എഫ് ഇ.(പി.5)1657/01 തീ.26.3.2002 |
| 2001-02 | എൽ എഫ് ഇ.(പി.5)1166/03 തീ.5.3.12003 |
| 2002-03 dcb | എൽ എഫ് ഇ.(പി.5)1140/05 തീ.19.10.2007 |
| 2002-03 exp | എൽ എഫ് ഇ.(പി.5)93/07 തീ.19.10.2007 |
| 2003-04 | എൽ എഫ് ഇ.(പി.5)92/07 തീ.5.2.2008 |
| 2005-06 | എൽ എഫ് ഇ.(പി.5)791/08 തീ.28.4.2008 |
| 2006-07 | എൽ എഫ് ഇ.(പി.5)190/08 തീ.28.04.2008 |
| 2007-08 | എൽ എഫ് ഇ.(പി.5)692/11 തീ.09.05.2011 |
| 2008-09 | എൽ എഫ് ഇ.(പി.5)693/11 തീ.27.4.2011 |

| | |
|---|---|
| 2004-05, 2010-11, 2011-12 | എൽ എഫ് ഇ.(പി.8)1657/01 തീ.17.5.2013 |
| 2012-13, 2013-14 | എൽ എഫ് ഇ.(പി.8)1904/14 തീ.12.2.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി.8)1265/2016,1.8.2016 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ.)**

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.8)157/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :31.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P8)157/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 31.01.2017

Certified that I have audited the Annual Financial Statement of Manjalloor Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of manjalloor Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)